**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*164 — 07.03.2017 ൽ മറുപടിക്ക്

## ആരോഗ്യസംരക്ഷണ പദ്ധതികൾ

| | ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>,, കെ.കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കെ.ബി.ഗണേഷ് കുമാർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ രംഗത്തിന്റെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ഇന്നേവരെ നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നവകേരള മിഷന്റെ ഭാഗമായ ആർദ്രം മിഷൻ ഗവൺമെന്റ് ആശുപത്രികളെ രോഗീ സൗഹൃദമാക്കാനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ മാനദണ്ഡമനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>താഴെപ്പറയുന്നവയാണ് ഈ മിഷൻ വഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ<br><br>1) ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി (OP Transformation) രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ഉറപ്പുവരുത്തുക<br><br>2) ജില്ലാ/താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br><br>3) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.<br><br>4. ആരോഗ്യ നിർണ്ണയ ഘടകങ്ങളുടെ പരിഹാരത്തിനും ആരോഗ്യ രംഗത്തെ ഫലപ്രദമായ ഇടപെടലിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.<br><br>കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പു വരുത്തുന്നതിനായി 204 ലാബ് ടെക്നീഷ്യൻ, 47 ദന്തൽ അസിസ്റ്റന്റ് സർജൻ എന്നീ |

| | | | |
|---|---|---|---|
| | | | തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ(എം.എസ്) നം.22/2017/ആ.കു.വ തീയതി 09.02.2017 പ്രകാരം മലപ്പുറം ജില്ലാ പബ്ലിക് ഹെൽത്ത് ലാബിൽ 10 (പത്ത്) തസ്തികകൾ സൃഷ്ടിച്ചും പിന്നെ വിവിധ സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ 19 നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികയും സ.ഉ.(എം.എസ്) 198/2016 പ്രകാരം സൃഷ്ടിച്ചു. |
| (ബി) | ആരോഗ്യ സംരക്ഷണത്തിന് വാർഡ് തലത്തിൽ കർമ്മ സേന രൂപീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ എത്രത്തോളമായെന്ന് വിശദീകരിക്കാമോ? | (ബി) | വാർഡ് തലത്തിൽ വാർഡ് മെമ്പർ/കൗൺസിലർമാർ ചെയർമാനും ആരോഗ്യ പ്രവർത്തകർ കൺവീനറുമായി വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. വാർഡ് തലത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള ആരോഗ്യ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണം, കൊതുക നിയന്ത്രണം തുടങ്ങിയവ നടന്നുവരുന്നുണ്ട്. ഈ സമിതികൾക്ക് നാഷണൽ ഹെൽത്ത് മിഷൻ വഴിയും, ശുചിത്വമിഷൻ വഴിയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഫണ്ട് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ